Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ: 4/18** **ജൂൺ 23, 2018**

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരേ,

നമ്മുടെ അതിരൂപതയിൽ സമീപകാലത്തുണ്ടായ ചില പ്രശ്നങ്ങളെക്കുറിച്ച് ഏവർക്കും അറിവുള്ളതാണല്ലോ. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പല വിധത്തിൽ നമ്മൾ പരിശ്രമിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ സിനഡും സ്ഥിരം സിനഡും ഇക്കാര്യത്തിൽ നേതൃത്വമെടുത്തിരുന്നു. സിനഡു നിർദേശിച്ച അഞ്ചംഗ മെത്രാൻ സമിതിയും സ്ഥിരം സിനഡിന്റെ ഒരു പ്രത്യേക സമിതിയും ഇതുമായി ബന്ധപ്പെട്ട വ്യക്തികളെയെല്ലാം ഒറ്റയ്ക്കും കൂട്ടായും കണ്ട് സംസാരിച്ചു. പരാതികൾ റോമിലെ പരിശുദ്ധ സിംഹാസനത്തിലും എത്തിയതിന്റെ അടിസ്ഥാനത്തിൽ പൗരസ്ത്യതിരുസംഘത്തിന്റെ അധ്യക്ഷനെയും സ്ഥിരം സിനഡിന്റെ പ്രതിനിധികൾ നേരിൽ കണ്ട് ചർച്ചകൾ നടത്തി. ഇതിന്റെ വെളിച്ചത്തിൽ ഇപ്പോഴത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി എറണാകുളം-അങ്കമാലി അതിരൂപതയിൽ ഒരു അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ (*Administrator sede plena*) നിയമിക്കാൻ പരിശുദ്ധ സിംഹാസനം നിശ്ചയിച്ചു. നമ്മുടെ അതിരൂപതാംഗവും ഈ അതിരൂപതയിലെ മുൻ സഹായമെത്രാനും ഇപ്പോൾ പാലക്കാട് രൂപതാദ്ധ്യക്ഷനുമായ അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവാണ് ഈ സ്ഥാനത്ത് നിയമിതനായിരിക്കുന്നത്.

2018 ജൂൺ 22 വെള്ളിയാഴ്ച റോമൻ സമയം ഉച്ചയ്ക്ക് 12.00 മണിക്ക് വത്തിക്കാനിലും ഇന്ത്യൻ സമയം ഉച്ചതിരിഞ്ഞ് 3.30-ന് കാക്കനാട് മൗണ്ട് സെന്റ് തോമസ് മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലും ഇതു സംബന്ധിച്ചുള്ള പ്രഖ്യാപനം നടത്തി. ജൂൺ 23-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കായിൽ വച്ച് ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് ജാംബത്തിസ്ത്ത ദികാത്രോ (Archbishop Giambattista Diquattro) യുടെ സാനിദ്ധ്യത്തിൽ അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവ് പുതിയ ശുശ്രൂഷ ഏറ്റെടുത്തു.

നമ്മുടെ അതിരൂപതയുടെ ഭരണപരമായ കാര്യങ്ങൾ ഇനി അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായിരിക്കും നിർവഹിക്കുന്നത്. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മേജർ ആർച്ചുബിഷപ്പിനോട് ആലോചന ചോദിക്കുകയും തീരുമാനങ്ങൾ അറിയിക്കുകയും ചെയ്തുകൊണ്ടിരിക്കും. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ഉത്തരവാദിത്വമേറ്റെടുക്കുന്നതോടുകൂടി ഇപ്പോഴുള്ള അതിരൂപതാ കൂരിയായുടെയും അതിരൂപതാ ആലോചനാസംഘം, ഫൈനാൻസ് കൗൺസിൽ, വൈദികസമിതി, പാസ്റ്ററൽ കൗൺസിൽ എന്നീ സമിതികളുടെയും പ്രവർത്തനം ഇല്ലാതാകുന്നതാണ്. എന്നാൽ അഡ്മിനിസ്ട്രേറ്റർക്ക് പ്രസ്തുത സമിതികൾക്ക് മാറ്റം വരുത്താനും പുതിയവ സംഘടിപ്പിക്കാനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

P.T.O.

സാർവത്രിക സഭയുടെ തലവനായ റോമാ മാർപ്പാപ്പായുടെ തീരുമാനപ്രകാരം ക്രമീകൃതമായ അഡ്മിനിസ്ട്രേറ്റർ സംവിധാനത്തോട് യോജിച്ചും സഹകരിച്ചും നമ്മുടെ അതിരൂപതയിലെ അജപാലനപരവും ഭരണപരവുമായ ശുശ്രൂഷകളെല്ലാം ഭംഗിയായി നിറവേറുന്നതിനായി നമുക്കു പ്രാർത്ഥിക്കാം. "എന്റെ പ്രാർത്ഥനയും സ്നേഹവും നിങ്ങളോടൊപ്പം എപ്പോഴും ഉണ്ടായിരിക്കും." പരസ്പര ഐക്യത്തിലും സമാധാനത്തിലും സ്നേഹത്തിലും ജീവിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുള്ള കൃപ അവിടുന്ന് നമുക്കെല്ലാവർക്കും പ്രദാനം ചെയ്യട്ടെ. എനിക്കുവേണ്ടിയുള്ള നിങ്ങളുടെ പ്രാർത്ഥനകൾ തുടരണമെന്നും അഭ്യർത്ഥിക്കുന്നു. ഐക്യത്തിനായി ആഹ്വാനം ചെയ്തുകൊണ്ട് വി. പൗലോസ് റോമായിലെ സഭയ്ക്കെഴുതിയ ലേഖനത്തിലെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഞാനീ സർക്കുലർ സമാപിപ്പിക്കുകയാണ്. "പ്രത്യാശയുടെ ദൈവം നിങ്ങളുടെ വിശ്വാസത്താൽ സകല സന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറയ്ക്കട്ടെ! അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധി പ്രാപിക്കുകയും ചെയ്യട്ടെ!" (റോമാ 15:13).

പുതിയ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ ദൗത്യത്തെയും അദ്ദേഹത്തോടുള്ള നിങ്ങളുടെ സഹകരണത്തെയും ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിക്കുന്നു. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ ദൗത്യം നമ്മുടെ അതിരൂപതയിൽ തുടരുന്നിടത്തോളം കാലം അദ്ദേഹത്തിന്റെയും പേര് വിശുദ്ധ കുർബ്ബാനയിലും യാമപ്രാർത്ഥനയിലും മറ്റ് പ്രാർത്ഥനകളിലും അനുസ്മരിക്കേണ്ടതാണ്. '*അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ജേക്കബ് മെത്രാനുവേണ്ടിയും*' എന്നാണ് അദ്ദേഹത്തെ അനുസ്മരിക്കുമ്പോൾ ചൊല്ലേണ്ടത്.

എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

+Geo Alencherry

കർദിനാൾ ജോർജ് ആലഞ്ചേരി
എറണാകുളം-അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്ത

MAJOR ARCHEPARCHIAL CURIA
ERNAKULAM-ANGAMALY